പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1386

12.7.2011 ൽ
മറുപടിയ്ക്ക്

## സപ്ലൈകോ ഔട്ട്ലെറ്റുകൾ ആധുനികവൽക്കരിക്കാൻ നടപടി

**ചോദ്യം**

ശ്രീ. പി.സി.ജോർജ് ;
ഡോ. എൻ.ജയരാജ് ;
ശ്രീ. തോമസ് ഉണ്ണിയാടൻ ;
ശ്രീ. റോഷി അഗസ്റ്റിൻ ;

**ഉത്തരം**

ശ്രീ. റ്റി.എം. ജേക്കബ്
(ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ സപ്ലൈകോ ഔട്ട്ലെറ്റുകൾ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

എ) സപ്ലൈകോ വിൽപ്പനശാലകളുടെ ആധുനിക വൽക്കരണം സംബന്ധിച്ച് നടപടികൾ ഇതിനോടകം തന്നെ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. വിൽപ്പനശാലകൾ മോടിപിടിപ്പിക്കുകയും ആധുനിക ഷോപ്പിംഗ് സൗകര്യങ്ങളായ റാക്കുകൾ, ട്രോളി തുടങ്ങിയവ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കുത്തക കമ്പനികളുടെ വിൽപ്പനശാലകളുമായി കിടപിടിക്കത്തക്ക രീതിയിൽ ശീതീകരിച്ച വിൽപ്പനശാലകളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. എല്ലാ വിൽപ്പന ശാലകളും ഘട്ടംഘട്ടമായി ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

ബി) 2011-12 സാമ്പത്തിക വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

ബി)

1. 2011-12 സാമ്പത്തിക വർഷത്തിൽ അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വിൽപ്പനശാലകളായ ഹൈപ്പർ മാർക്കറ്റുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കും. ഇപ്പോൾ കോട്ടയം, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് ഹൈപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നത്.

2. ആദിവാസി/മലയോര/ തീരദേശ മേഖലകൾക്ക് മുൻഗണന നൽകി കൂടുതൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ട്.

3. വിൽപ്പനയുടെ അടിസ്ഥാനത്തിൽ കൂടുതൽ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തും.

4. നിലവിലുള്ള സൂപ്പർമാർക്കറ്റുകൾ വിൽപ്പനയുടെ അടിസ്ഥാനത്തിൽ ആധുനിക ഷോപ്പിംഗിന് സൗകര്യമുള്ള പീപ്പിൾസ് ബസാറുകളാക്കും.

5. വൈറ്റില ബസ് ടെർമിനലിൽ ഫ്യുവലിംഗ് സ്റ്റേഷൻ ആരംഭിക്കും.

6. സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ സ്ഥലം ഏറ്റെടുത്ത് ഗോഡൗണുകൾ സ്ഥാപിക്കും.

7. എല്ലാ വിൽപ്പനശാലകളിലും ബ്രോഡ്ബാൻഡ് കണക്ടിവിറ്റി നൽകി ഡിപ്പോകളും ഹെഡാഫീസും തമ്മിലുള്ള ഓൺലൈൻ കണക്ടിവിറ്റി കാര്യക്ഷമമാക്കും.

| | |
|---|---|
| സി) ചില്ലറ വ്യാപാരരംഗത്ത് കുത്തകകളുടെ ഇടപെടലിന് തടയിടാൻ പൊതുവിതരണ സംവിധാനത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ ? | സി) സപ്ലൈകോ നടത്തുന്ന മാർക്കറ്റ് ഇടപെടൽ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് ഒരു പരിധി വരെ സഹായകമാകുന്നുണ്ട്. പൊതുവിതരണ ശൃംഖല വഴി വൈവിധ്യസാധനങ്ങൾ കൂടി വിതരണം ചെയ്യുന്ന പദ്ധതി പ്രാരംഭഘട്ടത്തിലാണ്. കൂടാതെ സപ്ലൈകോ വിൽപ്പനശാലകൾ ആധുനികവൽക്കരിക്കുന്നതുവഴിയും കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകവഴിയും സ്വകാര്യ കുത്തക കമ്പനികളുടെ ചില്ലറ വിൽപ്പനകേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങളും സൗകര്യങ്ങളും കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് എത്തിക്കുന്നതു വഴിയും കുത്തക കമ്പനികളുടെ ചൂഷണത്തിൽ നിന്നും ഉപഭോക്താക്കളെ സംരക്ഷിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ